
# TECH-LIFE



DIGITAL MAGAZINE
PREPARED BY
LKMS STUDENTS
SGHSS ARUVITHURA

# ടെക് ലൈഫ് ഇതളുകളിലൂടെ...

എഡിറ്റോറിയൽ
ആശംസകൾ
എഡിറ്റോറിയൽ ബോർഡ്
എന്റെ വിദ്യാലയം
ലിറ്റിൽ കൈറ്റ്സ്
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
മറന്നു വച്ചത് – കവിത
ഫിർമരം –കഥ
ഐ റ്റി ക്വിസ്
പാവം പക്ഷി – കവിത
പെയിന്റിംഗ്
വേർഡ് പസിൽ
എനിക്ക് പറയാൻ ഉള്ളത് –കവിത
നേട്ടങ്ങൾ –
സ്പോർട്സ് – പച്ചക്കറി –പൂന്തോട്ടം – ഡാൻസ് – യോഗ
നന്ദി



# എഡിറ്റോറിയൽ

അറിവ് അഗ്നിയാണ്....കേവലമായ അറിവുകളുടെ
വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും
സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള ഒരു
വിദ്യാഭ്യാസപ്രക്രിയ രൂപപ്പെടുത്തുക..........
നൂതന സാങ്കേതിക വിദ്യാലോകത്തെ പുത്തൻ പ്രവണതകൾ
അറിയാൻ, ലിറ്റിൽ കൈറ്റ്സ് പ്രവർത്തന പദ്ധതിയിലൂടെ
ഒരു ചെറിയ പരിശ്രമം.
കാലത്തിന്റെ വെല്ലുവിളികളെ അർപ്പണബോധത്തോടെ,
ആത്മവിശ്വാസത്തോടെ നേരിടാൻ വിവരവിനിമയ
സാങ്കേതിക
വിദ്യകളെ പ്രയോജനപ്പെടുത്തി അനന്ത വിഹായസ്സിലേയ്ക്ക്
ഒരു ജൈത്രയാത്ര.



# ആശംസകളോടെ.....



അരുവിത്തുറ സെൻറ്
ജോർജ് എച്ച് എസ് എസിലെ
ഒൻപതാം ക്ലാസ്സ് Little kites
പ്രതിഭകളുടെ കൂട്ടായ പരിശ്രമത്തിന്റെ
ഫലമാണ് ‘Tech Life’ എന്ന digital
Magazine.

ലിറ്റിൽകൈറ്റ്സ് പദ്ധതിയിലെ ഓരോ
അംഗത്തിനും വൈവിധ്യമാർന്ന പരിശീലനങ്ങളിലൂടെ
കടന്നുപോകാനുള്ള സുവർണാവസരം ആണ്.
ലിറ്റിൽകൈറ്റ്സ് പ്രവർത്തനപദ്ധതിയിലൂടെ നാം
ആർജ്ജിച്ചെടുക്കുന്ന അറിവുകൾ മറ്റുള്ളവരുടെ
ഗുണത്തിനും ഉന്നമനത്തിനും വേണ്ടി വിനിയോഗിക്കാൻ
നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം
ആശംസിക്കുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ
സങ്കേതിക ഉപകരണങ്ങൾ സമർത്ഥമായും
ഫലപ്രദമായും ഉപയോഗിക്കാൻ
വൈദഗ്ദ്യവും അഭിരുചിയുമുള്ള തലമുറയായി വളരാൻ
നിങ്ങൾക്ക് കഴിയട്ടെ.

എന്ന്
ജോബറ്റ് തോമസ്
ഹെഡ്മാസ്റ്റർ

[illegible]

## *CHIEF EDITORS*

**Smt.Beena Xavier**

**Smt. Mary John**

## *STUDENT EDITORS*

**Jeswin James**

**Naveen francis**

**Derick Anderson**



# നമ്മുടെ വിദ്യാലയം

അരുവിത്തുറയിലെയും സമീപ പ്രദേശങ്ങളിലെയും
ജനങ്ങളുടെ
ചിരകാലാഭിലാഷത്തിന്റെ    പൂർത്തീകരണമായിരുന്നു
അരുവിത്തുറ
സെന്റ് ജോർജ് ഹൈസ്കൂൾ.  ഫാ.തോമസ്
അരയത്തിനാലിന്റെ നിരന്തര
പരിശ്രമത്തിന്റെ ഫലമായി അന്നത്തെ പൂഞ്ഞാർ
എം.എൽ.എ.യും
മുഖ്യ മന്ത്രിയുമായിരുന്ന ശ്രീ. എ.ജെ. ജോൺ അരുവിത്തുറ
പള്ളി വകയായി  1952–ൽ ഒരു ഹൈസ്കൂൾ അനുവദിച്ചു.
തുടക്കത്തിൽ ഫസ്റ്റ് ഫോം ഫോർത്ത് ഫോം എന്നീ രണ്ടു
ക്ലാസ്സുകളാണ് ഉണ്ടായിരുന്നത്.
ശ്രീ. കെ .എം . ചാണ്ടി കവളംമാക്കലായിരുന്നു പ്രഥമ
ഹെഡ്മാസ്റ്റർ.
സ്കൂൾ സ്ഥാപകനായ റവ . ഫാ . തോമസ്
അരയത്തിനാൽ  പ്രഥമ മാനേജരായും ചുമതലയേറ്റു .
1954–ൽ സ്കൂൾ എല്ലാ ക്ലാസ്സുകളോടുംകൂടെ
പൂർണ്ണമാവുകയും റവ.ഫാ. എബ്രഹാം മൂങ്ങാമാക്കൽ
ഹെഡ്മാസ്റ്ററായി
നിയമിതനാകുകയും ചെയ്തു .

അഞ്ച് പതിറ്റാണ്ടിന്റെയും വിദ്യാദാന പ്രക്രിയയിലൂടെ ആയിരങ്ങൾക്ക്
അറിവിന്റെ വെളിച്ചം പകർന്നു നൽകിയ ഈ സരസ്വതി ക്ഷേത്രത്തിന്റെ
വളർച്ചയുടെ പാതയിലെ നാഴികക്കല്ലാണ്
രണ്ടായിരമാണ്ടിൽ അനുവദിച്ച കിട്ടിയ ഹയർ സെക്കണ്ടറി വിഭാഗം .ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ് എന്നിവയുള്ള രണ്ട് സയൻസ് ബാച്ചുകൾ ഓപ്ഷണലായി കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ്, ബിസിനസ് സ്റ്റഡീസ് ഉള്ള ഒരു കൊമേഴ്സ് ബാച്ചും ഇവിടെയുണ്ട് .

വിദ്യാർത്ഥികളുടെ സമഗ്രമായ വികസനത്തിന്, അവർക്ക് അനുയോജ്യമായ ഒരു സംസ്കാരം വികസിപ്പിക്കുന്നതിന്
വരാനിരിക്കുന്ന തലമുറയിൽ ധാരാളം വിദ്യാർത്ഥി കേന്ദ്ര-അക്കാദമിക്, പാഠ്യപദ്ധതി പ്രവർത്തനങ്ങൾ സ്കൂൾ കൗൺസിലിംഗ് സൗകര്യങ്ങൾ, കരാട്ടെ പരിശീലനം, പ്രചോദനം എന്നിവയിൽ നടത്തപ്പെടുന്നു ക്ലാസുകൾ തുടങ്ങിയവ വിദ്യാർത്ഥികളെ ആകർഷിക്കുന്നു

യു .പി .,എച്ച് .എസ് ., എച്ച്.എസ്. എസ്.വിഭാഗങ്ങളിലായി എണ്ണൂറോളം വിദ്യാർത്ഥികൾ അധ്യനം
നടത്തുന്നു .അധ്യാപക , അനധ്യാപക വിഭാഗങ്ങളിലായി നാൽപതോളം പേർ ഇവിടെ
സേവനമനുഷ്ഠിക്കുന്നു

Emmanuel George Sunny


ലിറ്റിൽ കൈറ്റ് ക്ലബ്
സെന്റ്  ജോർജ് അരുവിത്തുറ

അരുവിത്തുറ സെൻറ് ജോർജ്
സ്കൂളിൽ 2021 മുതൽ  Little kites
പ്രവർത്തനമാരംഭിച്ചു
8,9,10ക്ലാസ്സുകളിൽ 80കുട്ടികൾ little kites
അംഗങ്ങളായി പ്രവർത്തിക്കുന്നു.ഹെഡ്മാസ്റ്റർ
ശ്രീ ജോബറ്റ് തോമസും  LKMS മിസ്ട്രസ്സുമാരായ
ശ്രീമതി മേരി ജോൺ ടീച്ചറും, ശ്രീമതി ബീന
സേവ്യർ ടീച്ചറും
എല്ലാ പ്രവർത്തനങ്ങൾക്കും പിൻതുണ
നൽകുന്നു. 2021-24 ബാച്ചിലെ മാസ്റ്റർ
മനാസേ ജോസ് LKMS സ്റ്റേറ്റ്
ക്യാമ്പിൽ
പങ്കെടുത്തത് ഞങ്ങൾക്ക്അഭിമാനമാനമായി

By, siyan ansar

# വേനൽ

ഈ കുഞ്ഞുപുല്ലിന് വേനലിനെ
അതിജീവിക്കാനാകുമോ
കൊന്നമരമേ വെയിലിനെഉരുക്കി
സ്വർണമാക്കി കാതിലണിയുന്ന
പണി അതിനെ പഠിപ്പിക്കണേ
ഉങ്ങുമരമേ വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ
അല്ലെന്നാൽ ചെറുതല്ലേ
എന്നുവച്ച് വേനൽ
അതിനെ പച്ചയ്ക്ക്
തിന്നുകളയും



റിയ സണ്ണി

# മറന്നുവച്ചത്



ഓർമ്മകൾക്ക് മുകളിലൂടെ
സഞ്ചരിക്കുമ്പോൾ ഞാനെന്നെ
മറന്നുവയ്ക്കുന്ന ചിലയിടങ്ങളുണ്ട്
വേനലിൽ പെയ്യുന്ന പുതുമഴ നനഞ്ഞ
വഴിയിടങ്ങൾ കാണുമ്പോൾ
ഓണപ്പൂലരികൾ ഊഞ്ഞാൽ
പാട്ടിന്റെ താളം കേൾക്കുമ്പോൾ
ചെപ്പിലൊളിപ്പിച്ച മഞ്ചാടിമണികൾ
തിരയിളക്കം കാണുമ്പോൾ
അതെ , മറന്ന് വച്ചത്
തിരികെയെടുക്കുമ്പോഴാണ് എന്റെ
യാത്ര പൂർത്തിയാകുന്നത്.

Muhammed Fasal VS

# ഫിർമരം

ഡിസംബർ മാസത്തോടെ മഞ്ഞുകാലം വരവായി. മഞ്ഞുപെയ്യുന്ന ക്രിസ്തുമസ് ദിനങ്ങൾ ആഗതമാകുകയാണ്. കുന്നുകളിലും മരങ്ങളിലും നടവഴികളിലുമെല്ലാം മഞ്ഞുവീണുകൊണ്ടിരിക്കുന്നു. രാത്രിയിൽ നിലാവിന്റെ വെളിച്ചം തട്ടി മഞ്ഞുത്തുള്ളികൾ മുത്തുകൾ പോലെ മിന്നിത്തിളങ്ങി.

ആ താഴ്‌വഴയിൽ അടുത്തടുത്തായി നിൽക്കുന്ന മൂന്ന് മരങ്ങൾ. ഒരു ആപ്പിൾ മരവും ഒരു ഓക്കുമരുവും ഒരു ഫിർമരവും കൈനിറയെ ഒട്ടേറെ സമ്മാനങ്ങളുമായി എത്തുന്ന സാന്റാക്ലോസ് അപ്പൂപ്പന്റെ വരവും പ്രതീക്ഷിച്ചാണ് മരങ്ങളുടെ നിൽപ്പ്

"സാന്റാക്ലോസ് അപ്പൂപ്പൻ വരും ആദ്യം എന്റെ അടുത്തു വരും. അദ്ദേഹത്തിന് ആപ്പിൾ വളരെ ഇഷ്ടമാണ്" അടുത്തുനിൽക്കുന്ന ഓക്കുമരത്തോടും ഫിർമരത്തോടും ആപ്പിൾ മരം പറഞ്ഞു. "എന്റെ അടുത്തേക്കേ ആദ്യം വരു സാന്റാക്ലോസ് അപ്പൂപ്പൻ വരുമ്പോൾ ആദ്യം എന്നെയല്ലേ കാണുക". ആത്മവിശ്വാസത്തോടെ ഓക്കുമരത്തിന്റെ വാക്കുകൾ .

ആപ്പിൾ മരത്തിന്റെയും ഓക്കുമരത്തിന്റെയും വീരവാദങ്ങൾ കേട്ടിട്ടും ഫിർമരം ഒന്നും മിണ്ടിയില്ല. ഏതായാലും സാന്റാക്ലോസ് അപ്പൂപ്പൻ ഇതുവഴി വരുമ്പോൾ തനിക്കും കാണാൻ ഭാഗ്യം ഉണ്ടാകുമല്ലോ അതുതന്നെ വലിയ കാര്യം. അങ്ങനെ വിചാരിച്ചു കൊണ്ട്  ഫിർമരം മൗനമായി നിന്നതേയുള്ളൂ . കുറേ സമയം കടന്നു പോയി .
വികൃതികുട്ടികളുടെ ബഹളം കേട്ട് ഭയന്നുവിറച്ചു ഒരു അണ്ണാൻ കുഞ്ഞ്  ആപ്പിൾ മരത്തിന്റെ അടുത്തെത്തി കിതച്ചുകൊണ്ട് അണ്ണാൻ കുഞ്ഞു പറഞ്ഞു.  "അല്ലയോ ആപ്പിൾ മരമേ, കുറച്ചു സമയത്തേക്ക് ഒളിച്ചിരിക്കാൻ എന്നെയൊന്നു സഹായിക്കുമോ?, അണ്ണാൻ കുഞ്ഞിന്റെ വെപ്രാളത്തോടെയുള്ള അപേക്ഷ കേട്ടിട്ടും ആപ്പിൾ മരത്തിനു മനസ്സലിഞ്ഞില്ല "എനിക്ക് കൊമ്പുകൾ താഴ്ത്താൻ കഴിയില്ല .എന്റെ ചില്ലകളിലെ  മധുരമുള്ള ആപ്പിൾ പഴങ്ങൾ കണ്ടില്ലേ? ശാഖകൾ താഴ്ത്തിയാൽ ആ വികൃതികൾ അത് മുഴുവൻ പറിച്ചെടുക്കും".

ആപ്പിൾ മരത്തിന്റെ കരുണയില്ലാത്ത വാക്കുകൾ കേട്ട് നിരാശനായി അണ്ണാൻ കുഞ്ഞ് ഓക്കുമരത്തിന്റെ അടുത്തേക്ക് പോയി .
"എന്നെ രെക്ഷിക്കണെ....................... "എന്ന് കരഞ്ഞു പറഞ്ഞു .ഉയർന്നു നിൽക്കുന്ന എന്റെ കരുത്തുറ്റ ശിഖരങ്ങൾ താഴേക്ക് വളയുകയില്ലെന്നു നിനക്കറിയില്ലേ നിന്നെ മറച്ചുപിടിക്കാൻ ഒന്നും എനിക്കിപ്പോൾ പറ്റില്ല". ഓക്കുമരത്തിന്റെ മറുപടി കേട്ട അണ്ണാൻ കുഞ്ഞിന് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അവന്റെ പരിഭ്രമം ഇരട്ടിച്ചു കുട്ടികളുടെ ശബ്ദം അടുത്തടുത്ത് വന്നു .എവിടെ പോയാണ്   ഒളിക്കാൻ സാധിക്കുന്നത്?. അപ്പോഴാണ് അടുത്തുതന്നെ നിൽക്കുന്ന ഫിർമരം അവൻ കണ്ടത് . അവൻ ഫിർമരത്തിന്റെ അടുത്തേക്ക് ഓടി . അടുത്തെത്തിയ അണ്ണാൻ കുഞ്ഞ് എന്തെങ്കിലും പറയുന്നതിന് മുൻപേ ഫിർമരം തന്റെ ഒരു ചില്ല അണ്ണാൻ കുഞ്ഞിന്റെ മുകളില്ലേക്ക് നിലം വരെ താഴ്ത്തി അണ്ണാൻ കുഞ്ഞിന്നെ മുകളില്ലെത്തിച്ചു .

അപ്പോഴേക്കും കുട്ടികൾ അവിടെയെത്തി അവർ അണ്ണാൻ കുഞ്ഞിനെ കണ്ടുപിടിക്കാൻ അവിടെയെല്ലാം പരതി. ഒടുവിൽ നിരാശരായി തിരിച്ചുപോയി.............  അന്നത്തെ സന്ധ്യക്ക് പതിവിൽ കൂടുതൽ തണുപ്പുണ്ടായിരുന്നു. പെട്ടെന്ന് നിശബ്ദതയെ ഭേദിച്ചുകൊണ്ട് അകലെ നിന്ന് നേർത്ത സംഗീതത്തിന്റെ അലയൊലികൾ അടുത്തുവരുന്നതുപോലെ...........രണ്ടുപുള്ളിമാനുകൾ വലിക്കുന്ന മനോഹരമായി അലങ്കരിച്ച ഒരു വണ്ടി അവിടെയെത്തി സാന്റാക്ലോസ് അപ്പൂപ്പന്റെ വണ്ടി ആയിരുന്നു അത്. സാന്റാക്ലോസ് അപ്പൂപ്പൻ വണ്ടിയിൽ നിന്ന് ഇറങ്ങി. നിറയെ പഴങ്ങളുമായി നിൽക്കുന്ന ആപ്പിൾ മരത്തെയും ഉയർന്ന ശിഖരങ്ങൾ വീശിക്കൊണ്ടിരിക്കുന്ന ഓക്കുമരത്തെയും സാന്റാക്ലോസ് അപ്പൂപ്പൻ ശ്രദ്ധിച്ചില്ല . എളിമയോടെ നിശബ്ദനായി നിൽക്കുന്ന ഫിർമരത്തിന്റെ എടുത്തേക്കു സാന്റാക്ലോസ് അപ്പൂപ്പൻ നടന്നു ........

അണ്ണാനെ രക്ഷിക്കാൻ നിലത്തോളം താഴ്ത്തിയിരിക്കുന്ന ഫിർമരത്തിന്റെ ചില്ലയിൽ തലോടിക്കൊണ്ട് സാന്റാക്ലോസ് അപ്പൂപ്പൻ പറഞ്ഞു. "ഫിർമരമേ നീയാണ് എനിക്ക് പ്രിയപ്പെട്ടവൻ സഹായം തേടി വന്ന പാവം അണ്ണാൻ കുഞ്ഞിനെ രക്ഷിക്കാൻ നീ കാണിച്ച സന്മനസുണ്ടല്ലോ അതാണ് സഹോദരാ ഏറ്റവും വലിയ പുണ്യം. നാം ചെയുന്ന നന്മയാണ്. നമ്മളെ ദൈവത്തിന്നു പ്രിയപ്പെട്ടവരാക്കി തീർക്കുന്നത്.

Story by Saif Ali Khan

# കാലായനം

വെളിച്ചത്തിന്റെ ഗുളികയിൽ
പച്ച മഷി കൊണ്ടെഴുതിയ
ഓർമ്മയിൽ കാറ്റെടുത്ത
നടപ്പാതകളുണ്ട്
മഴപ്പെയ്ത്തിൻ തണുവിൻ
ബാല്യത്തിന്റെ പുതച്ചു
മൂടലിൽ നിന്ന്
പുകയടുപ്പിന്റെ വിയർത്ത
മുഖം പാതി ചുളിഞ്ഞു
കണ്ണീരുപ്പു വറ്റിയ
നിലയ്ക്കാത്ത നടത്തമായിരുന്നു അത്
തിരികെയൊന്നു നോക്കുക പോലും
ചെയ്യാതെ കാൽ വലിച്ചു വെച്ചകന്നു
പോയ സ്വപ്നവർണങ്ങൾ
നാവുവരണ്ടപുഴകൾ താണ്ടുമ്പോഴും
കണ്ണീർ വറ്റിയ തണ്ണീർതടങ്ങളിൽ
സന്ധ്യ ചായുമ്പോഴും
നടന്നു തള്ളിയകാൽ
ദൂരങ്ങളോർത്തു
പൊള്ളുന്നുണ്ടാവും

By, Jomol Jojan

# ഐടി ക്വിസ് ചോദ്യങ്ങൾ

1.ജാവ എന്ന കമ്പ്യൂട്ടർ ഭാഷ കണ്ടുപിടിച്ചതാര് ?
Ans ; ജയിംസ് ഗോസ്ലിഗ്
2. പോർട്ടബിൾ കമ്പ്യൂട്ടർ ആദ്യമായി നിർമിച്ചതാര് ?
Ans.ആഡം ഓസ്ബോൺ
3.മൈക്രോസോഫ്റ്റ് സ്ഥാപിതമായ വർഷം ?
Ans. 1975
4.സെയ്മൂർ പാപ്പർട്ട് കുട്ടികൾക്കായി വികസിപ്പിച്ച കമ്പ്യൂട്ടർ ഭാഷ ?
Ans . LOGO
5.ബില്ല്യൺ ബീറ്റ്സ് എന്ന പ്രശസ്തമായ വെബ് പത്രം ? ആരുടേതാണ്?
Ans. ഡോ എപിജെ അബ്ദുൽ കലാം
6.ഇന്റർനെറ്റിന്റെ പിതാവാര് ?
Ans.വിന്റൺ സർഫ്
7.കമ്പ്യൂട്ടർ സയൻസിന്റെ പിതാവായി അറിയപ്പെടുന്നതാര് ?
Ans.അലൻ ട്യൂറിംഗ്
8.ജാവയെന്ന കമ്പ്യൂട്ടർ ഭാഷ ആദ്യം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് ?
Ans.ഓക്ക്
9.ഹോട്ട്മെയിൽ പ്രസ്ഥാനം നിലവിൽ വന്ന വർഷം ?
Ans.1996 ജൂലൈ 4
10.വൈറസ് എന്നതിന്റെ പൂർണരൂപം ?
Ans.vital information resource under siege.

Abhishek Rajesh

# പാവം പക്ഷി




ഒരു പാട്ടു പിന്നെയും
പാടവേ തൻ കൊച്ചു
ചിറകിന്റെ നോവ്
മറന്നു പോകെ
ഇനിയും പറക്കില്ല
എന്നതോർക്കാതെയാ
വിരിമാനം ഉള്ളാൽ
പുണർന്നു കൊണ്ട്
വെട്ടിയ കുറ്റിമേൽ
ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റ ചിറകിന്റെ
താളമോടെ
ഒരുപാട്ട് വീണ്ടും
തെളിഞ്ഞു പാടുന്നിതാ
ചിറകൊടിഞ്ഞുള്ളോരീ
കാട്ടുപക്ഷി.

എയ്ഞ്ജൽ ബൈജു

# DIGITAL PAINTING







Niyas k faisal 9 A

# PRIME NUMBERS 1 TO 100

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 |
| 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 |
| 41 | 42 | 43 | 44 | 45 | 46 | 47 | 48 | 49 | 50 |
| 51 | 52 | 53 | 54 | 55 | 56 | 57 | 58 | 59 | 60 |
| 61 | 62 | 63 | 64 | 65 | 66 | 67 | 68 | 69 | 70 |
| 71 | 72 | 73 | 74 | 75 | 76 | 77 | 78 | 79 | 80 |
| 81 | 82 | 83 | 84 | 85 | 86 | 87 | 88 | 89 | 90 |
| 91 | 92 | 93 | 94 | 95 | 96 | 97 | 98 | 99 | 100 |

# എനിക്ക് പറയാനുള്ളത്



വയസ്സായില്ല
വീഴാനിഷ്ടവുമില്ല
പക്ഷെ
വീഴ്ത്തി
വർഷങ്ങളുടെ
കളിചിരികൾ ഉള്ളിൽ
പെരുകുന്നു
നിദ്രയൊടുങ്ങാതെ
രാവുകളിൽ
മിഴിയടയാതെ
കാവൽ നിന്നപ്പോൾ
അഭിമാനമായിരുന്നു
ഇവിടെ ഞാനൊടുങ്ങുമ്പോൾ
വിലപിക്കാനാരുമില്ല.
തണൽ തേടി വരുമ്പോൾ
ശിഖരങ്ങൾ കുടയായി നൽകി
നിറവോടെ നിന്ന ദിനങ്ങൾ
ഇനിയില്ല,ജീവിതം
മടങ്ങുന്നു;മണ്ണിലേയ്ക്ക്

Bibin Thomas

9A

# നേട്ടങ്ങൾ

മനാസേ ജോസ്
ലിറ്റിൽ കൈറ്റ്സ്
സ്റ്റേറ്റ് ക്യാമ്പ് പങ്കാളിത്തം





കുട്ടികളുടെ പൂന്തോട്ടം

**SPORTS**



# യോഗ



# ഡാൻസ്


Group Dance (Annual Day Celebration 2023-2024)


Group Dance, Annual Day Celebration 2023-2024
Annual Day Celebration 2023--





# കൃഷി

# TOUR


ANNUAL TOUR TO OOTY 2023-2024
0:49 / 1:54


ANNUAL TOUR TO OOTY 2023-2024
1:40 / 1:54

# നന്ദിയോടെ

LK STUDENTS

2022-25 BATCH

